**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 326** **23-01-2025 - ൽ മറുപടിയ്ക്ക്**

**പൊൻപാറക്കുന്നിൽ ലൈഫ് മിഷൻ ഭവന സമുച്ചയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. എ. റഹീം | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി) | |
| (എ) | മാവൂർ പൊൻപാറക്കുന്നിൽ ലൈഫ് മിഷൻ ഭവന സമുച്ചയം നിർമ്മിക്കുന്നതിന് തറക്കല്ലിടൽ ചടങ്ങ് നടത്തിയെങ്കിലും പദ്ധതി ഇതുവരെ ആരംഭിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്.<br><br>മാവൂർ പൊൻപാറക്കുന്നിൽ പി.ഡബ്ല്യുഡി യുടെ ഉടമസ്ഥതയിലുള്ള 266 സെന്റ് സ്ഥലത്താണ് ലൈഫ് ഭവനസമുച്ചയം നിർമ്മാണത്തിന് കരാർ നൽകിയത്.എന്നാൽ പ്രസ്തുത ഭൂമിയിൽ നിർമ്മാണത്തിന് അനുയോജ്യമല്ലാത്ത ചെങ്കൽ ക്വാറിയായിരുന്ന സ്ഥലമാണ് ഭവനനിർമ്മാണത്തിനായി പിഡബ്ല്യുഡി വിട്ടുനൽകിയത്. അതുകാരണം നിർമ്മാണം ആരംഭിക്കുവാൻ സാധിച്ചിട്ടില്ല. |
| (ബി) | പ്രസ്തുത പദ്ധതിയ്ക്കായി കണ്ടെത്തിയ സ്ഥലത്ത് നിർമ്മാണം തുടങ്ങുന്നതിന് തടസ്സങ്ങളുണ്ടെങ്കിൽ പകരം സ്ഥലം ലഭ്യമാക്കിയിട്ടുണ്ടോ; പ്രസ്തുത പ്രവൃത്തി എപ്പോൾ ആരംഭിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ? | (ബി) | പകരം സ്ഥലം ലഭ്യമാക്കിയിട്ടില്ല.<br><br>ഭവനസമുച്ചയ നിർമ്മാണത്തിന് അനുയോജ്യമായ സ്ഥലം ലഭിക്കുന്ന മുറയ്ക്ക് ഈ വിഷയം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ